**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3666** | **02-03-2023 - ൽ മറുപടിയ്ക്ക്**

**ബസ്സ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ പ്രവർത്തിക്കുന്ന ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന് മുൻപിൽ പ്രദേശവാസികൾക്കും ടെക്നോ ഇൻഡസ്ട്രിയൽ ജീവനക്കാർക്കും ഉണകരമാവും വിധം നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയിൽ പാർക്കിന് സമീപം മാറ്റി സ്ഥാപിക്കുന്നതിനും എല്ലാ വിഭാഗത്തിൽപ്പെട്ട ബസ്സുകൾക്കും ഇവിടെ സ്റ്റോപ്പ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എ) | വിവിധ റൂട്ടുകളിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളും വിശ്രമ കേന്ദ്രങ്ങളും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് റോഡ് നവീകരണത്തിന്റെ ഭാഗമായി നിർമ്മിച്ച് നൽകുന്നത്. പുതുതായി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിനു സമീപം ബസ് കാത്തിരിപ്പ് കേന്ദ്രം രൂപീകരിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി യ്ക്കും ഉണമാകുന്ന രീതിയിൽ ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലയിൽ നിന്നും വകുപ്പ് തല ശിപാർശ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലയിൽ നിന്നും വകുപ്പുതല ശിപാർശ ഗതാഗത വകുപ്പിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ